പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ഗ്രാമീണ റോഡ് വികസനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2847 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഗ്രാമീണ റോഡ് വികസനത്തിൽ റെക്കോർഡ് വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡ് വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതിയിൽ സർവ്വകാല നേട്ടം കൈവരിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമീണ റോഡ് വികസനത്തിനായി നടപ്പിലാക്കിയ കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണ്; | (ബി) | ഗ്രാമീണ റോഡ് വികസനവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതിയാണ് ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കുന്നത്. |
| (സി) | സംസ്ഥാന ആവശ്യപ്രകാരം പി.എം.ജി.എസ്.വൈ. തുടങ്ങിയ പദ്ധതികളിൽ ഇളവ് വരുത്തി പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാർ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ.-II ൽ ഉൾപ്പെടുത്തി 570 കി.മീ ദൈർഘ്യം വരുന്ന പുതിയ റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും നേടി എടുക്കാൻ കഴിഞ്ഞു. |
| (ഡി) | ഗ്രാമീണ റോഡ് വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവയുണ്ടോ; എങ്കിൽ ഇവ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പി.എം.ജി.എസ്.വൈ. ഒന്നാം ഘട്ടത്തിൽ, ഏറ്റെടുത്ത ഏതാനും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ